**കേരള സർക്കാർ**

നം. 80649/സി.ഡി.എൻ.4/05/പൊ.ഭ.വ. പൊതുഭരണ (ഏകോപന) വകുപ്പ്,
തീയതി, തിരുവനന്തപുരം,
15-10-2005.

**സർക്കുലർ**

വിഷയം :- പൊതുഭരണ വകുപ്പ് - അറിയുവാനുള്ള അവകാശ ചട്ടം 2005 - ഗവൺമെന്റ് സെക്രട്ടേറിയറ്റ് വകുപ്പുകളിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും സ്ഥാന നിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന :- 10-10-2005 ലെ ജി.ഒ.(പി) 367/2005/പൊ.ഭ.വ. നമ്പർ ഉത്തരവ്.

------

പാർലമെന്റ് പാസ്സാക്കി 15-6-2005 ൽ രാഷ്ട്രപതി അനുമതി നൽകിയ അറിയുവാനുള്ള അവകാശ ചട്ടം 2005-നെ (Right to Information Act 2005) ആധാരമാക്കി സൂചനയിലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടു ്. ജനാധിപത്യ മൂല്യങ്ങൾക്ക് അനുസൃതമായി, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അധികാര നിർവ്വഹണത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനും, ഉദ്യോഗസ്ഥർക്ക് കൂടുതൽ ഉത്തരവാദിത്വം നൽകാനും, പൊതു ജനങ്ങൾക്ക് ആവശ്യമായ ഔദ്യോഗിക രേഖകൾ യഥാസമയം ലഭ്യമാക്കുന്നതിനുമാണ് ഈ നിയമം നടപ്പിലാക്കുന്നത്. കേന്ദ്ര നിയമത്തിലെ വകുപ്പ് 4(1) പ്രകാരം, ഓരോ ഓഫീസുക ളിലും, പൊതുജനങ്ങൾക്ക് ആവശ്യമായ വിവരം യഥാസമയം നൽകുന്നതിന് ജില്ലാ തലത്തിലും, ഉപജില്ല/സബ് ഡിവിഷൻ തലത്തിലും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും/സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും സ്ഥാന നിർദ്ദേശം ചെയ്യേ തു ്. സെക്രട്ടേറിയറ്റിതര വകുപ്പുകളിൽ ഇതു സംബന്ധിച്ച് സത്വര നടപടി സ്വീകരിക്കാൻ സൂചനയിലെ ഉത്തരവ് മുഖേന എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകിയിട്ടു ്.

2. ഗവൺമെന്റ് സെക്രട്ടേറിയറ്റ് വകുപ്പുകളിൽ അറിയുവാനുള്ള അവകാശ ചട്ടം 2005 പ്രകാരം പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിന് അപേക്ഷകളും അപ്പീലുകളും സ്വീകരിക്കാനുള്ള അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി അതാത് വകുപ്പുകളിലെ പാർലമെന്റ് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാരെ സ്ഥാന നിർദ്ദേശം (Designate) ചെയ്യേതാണ്. ഓരോ വകുപ്പും അതാതിന്റെ പ്രവർത്തന ഘടനയ്ക്ക് അനുസൃതമായി, ആവശ്യാനുസര

ണം, ഒന്നോ ഒന്നിൽക്കൂടുതലോ ജോയിന്റ്/അഡീഷണൽ സെക്രട്ടറിമാരെ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും, ഓരോ വകുപ്പിന്റെയും പ്രിൻസിപ്പൽ സെക്രട്ടറിമാരെ/സെക്രട്ടറിമാരെ അതാത് വകുപ്പിന്റെ അപ്പലേറ്റ് അതോറിറ്റിയായും സ്ഥാന നിർദ്ദേശം ചെയ്യേ താണ്.

(............2)



3. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും 19-10-2005 ന് മുൻപായി ഇതു സംബന്ധിച്ച നടപടി കൈക്കൊള്ളേ തും, ഇപ്രകാരം സ്ഥാന നിർദ്ദേശം ചെയ്ത ഓഫീസർമാരെ സംബന്ധിച്ച വിശദവിവരം ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ വെബ്സൈറ്റിൽ (www.kerala.gov.in) പരസ്യപ്പെടുത്തേ തുമാണ്. വെബ്സൈറ്റുകൾ ഇല്ലാത്ത വകുപ്പുകൾ വെബ്സൈറ്റ് ആരംഭിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേ തുമാണ്.

4. എല്ലാ വകുപ്പു സെക്രട്ടറിമാരും, മേല്പറഞ്ഞിട്ടുള്ള തീരുമാനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കിയിട്ടു ന്ന് ഉറപ്പു വരുത്തേ താണ്.

**ഇ. കെ. ഭരത് ഭൂഷൺ,**
പ്രിൻസിപ്പൽ സെക്രട്ടറി.

**ഗവർണറുടെ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)**
**എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.**
**എല്ലാ വകുപ്പുകളിലേയും പാർലമെന്റ് സെക്ഷനുകൾക്ക്.**
**മുഖ്യമന്ത്രിയുടേയും, മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്**
**ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്**
**പൊതുഭരണ (പാർലമെന്റ്) വകുപ്പിന്.**

# <u>Proforma</u>

**Name of Secretariat Department :**

| Sl.No. | Name of Officer with designation | Designated Post (Appellate authority, Information Officer, Assistant Information Officer as the case may be) | Telephone No. | Subject matter dealt with |
|---|---|---|---|---|
| | | | | |